# വചനവിചിന്തനം 2010 ജനുവരി 17, ഞായർ

# Jn. 1:19-28

ഞാൻ ക്രിസ്തുവല്ല!

ഇവൻ തന്നെയായിരിക്കുമോ കാത്തിരുന്ന ക്രിസ്തു എന്ന് പ്രതീക്ഷയോടെ ചോദിക്കുന്ന ജനത്തിനു മുമ്പിൽ സ്നാപകൻ നിഷേധിക്കുകയാണ് - ഞാൻ ക്രിസ്തുവല്ല. ഏറെ അനുയായികൾ ഉണ്ടായിരുന്നിട്ടും ക്രിസ്തുവായി സ്വയം അവതരിപ്പിക്കാൻ സാദ്ധ്യതകൾ ഉണ്ടായിരുന്നിട്ടും ഇങ്ങനെ പറയാൻ നിയോഗശുദ്ധിയും തെളിമയുള്ള ബോധവും വേണം.

ഒന്നു കണ്ണടച്ചുകഴിഞ്ഞാൽ ഉടനെ ''ദർശനം'' കിട്ടുന്നവർ ക്രിസ്തുഭാവത്തിലേയ്ക്ക് സ്വയം പ്രതിഷ്ഠിച്ചിട്ട് പാവപ്പെട്ട മനുഷ്യരുടെ വിധി കർത്താക്കളാകുന്ന ഈ കാലത്ത് സ്നാപകന്റെ ആത്മബോധത്തെ ബലപ്പെടുത്തിയ ദൈവകൃപയ്ക്കുവേണ്ടി യാചിച്ചുകൊണ്ടു വേണം തുടർന്നുള്ള തിരുവെഴുത്തുകൾ വായിക്കുവാൻ.

എങ്കിൽ പിന്നെ നീ ഏലിയായോ? ഒരു പ്രവാചകനെങ്കിലും?

അല്ല എന്ന സ്നാപകന്റെ മറുപടി. പിന്നെ അവൻ ഇപ്രകാരം സ്വയം പരിചയപ്പെടുത്തുകയാണ്;

ഞാൻ, കർത്താവിന്റെ വഴികൾ നേരെയാക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദമാണ്.

മരുഭൂമിയിൽ തപം ചെയ്ത് അഹംബോധത്തെ പൂർണ്ണമായും ചാമ്പലാക്കിയവന്റെ ആത്മാവബോധം. ഒരു വ്യക്തി പോലുമല്ല. കർത്താവിനു വേണ്ടി വഴിയൊരുക്കാൻ നിയോഗം കിട്ടിയവൻ, ഒരു ശബ്ദം മാത്രമാണെന്ന്. കാരണം പിറകെ വരുന്നവന്റെ വലുപ്പത്തെപ്പറ്റി അറിവുള്ളതുകൊണ്ട് സ്വയം ശൂന്യമാക്കുകയാണ്.

തന്നെക്കുറിച്ചുമാത്രമല്ല, ശബ്ദം കേൾക്കുന്ന ജനത്തെപ്പറ്റിയും സ്നാപകനു തിരിച്ചറിവുണ്ട് - അതുകൊണ്ടാണ് അല്പം ആശങ്കയോടെ, മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം എന്നു പരിചയപ്പെടുത്തുക. കേൾക്കപ്പെടാതെയും സ്വീകരിക്കപ്പെടാതെയും പോകാൻ ഇടയുള്ള ശബ്ദത്തിന്റെ ഭൂമികയാണ് മരുഭൂമി. എല്ലാം അറിയുന്നവരെന്നു ശാഠ്യം പിടിക്കുന്ന ഫരിസേയരോടും നിയമജ്ഞരോടുമാണ് അവൻ പ്രഘോഷിക്കേണ്ടത്. അധികം ഈടാക്കുന്ന ചുങ്കക്കാരനും സാമാന്യജനത്തെ ഭീഷണിപ്പെടുത്തുന്ന പടയാളികളുമൊക്കെ ആ സമൂഹത്തിന്റെ ഭാഗമാണ്. അതുകൊണ്ട് തന്റെ ശബ്ദം കേൾക്കപ്പെടാതെ പോകാനുള്ള സാദ്ധ്യതയും സ്നാപകനറിയാം..

## ഇനി, ജലം കൊണ്ടുള്ള സ്നാനത്തെപ്പറ്റി:

സ്നാപകൻ നല്കിയത് ജലം കൊണ്ടുള്ള സ്നാനം. ഇതൊരു മുന്നൊരുക്കമാണ് . പിറകേ വരുന്ന ക്രിസ്തു നല്കുന്ന അഗ്നിസ്നാനം സ്വീകരിക്കാൻ ജനത്തെ ഒരുക്കുന്ന ശുശ്രൂഷ. ഈ അനുഷ്ഠാനക്കുളിയിലൂടെ മാനസാന്തരത്തിന്റെ കണ്ണീരുകൊണ്ട് മാലിന്യങ്ങൾ കഴുകിക്കളയാനാണ് സ്നാപകൻ ജനത്തെ ക്ഷണിക്കുന്നത്.

കർത്താവിനു വേണ്ടി വഴി ഒരുക്കുന്നവർ, ഹൃദയം പാകപ്പെടുത്തുന്നവർ കടന്നു പോകേണ്ട ശുദ്ധീകരണത്തിന്റെ പ്രതീകമാണ് ഈ സ്നാനം. അതിന്റെ അന്തസത്ത എന്തായിരിക്കണമെന്നാണ് തുടർന്ന് സ്നാപകൻ പ്രഘോഷിക്കുന്നത് (LK 3: 5- 6)

## * കുന്നുകൾ നിരത്തപ്പെടണം.

അഹത്തിന്റെ ബോധക്കൂനകളെ തട്ടി നിരത്താനാണ് യജ്ഞം. ഓരോരുത്തരും ജീവിതത്തിൽ ഉടയാതെ കരുതുന്ന ചില Self image കളുണ്ട് സ്വയാവബോധത്തിന്റെ മേഖലകളിൽ നീ നിനക്കുപകരം പ്രതിഷ്ഠിച്ചിരിക്കുന്ന ചിലകാര്യങ്ങൾ - ഒരു പക്ഷേ നിന്റെ ബൗദ്ധികതികവ്, ജ്ഞാനം, സൽപ്പേര് ...എന്തുമാകാം. ഓരോരുത്തുടെയും ഉള്ളിലെ ലോലബോധമാണത്. അത് ഉലയാൻ ഇടവന്നാൽ ഒരു നിമിഷത്തേയ്ക്കെങ്കിലും നീ നീയല്ലാതായിമാറും. ക്ഷോഭിക്കാം, സങ്കടപ്പെടാം ഓരോരുത്തരുടേയും ''അഹം'' പ്രകടമാകുന്ന തങ്ങനെയാണ്.

ക്രിസ്തുവിനു നിന്റെ ഹൃദയത്തിലേയ്ക്ക് കടന്നുവരാൻ ഈ മതിൽ പൊളിക്കേണ്ടതുണ്ട്. സ്നാപകൻ അതു ചെയ്തതു കൊണ്ട് എത്ര ആയാസരഹിതമായിട്ടാണ് അവൻ ക്രിസ്തുവിനെ സ്വീകരിക്കുന്നത് - സ്നാപകന്റെ അനുയായികൾ അവനോടു പറയുന്നുണ്ടല്ലോ ''അക്കരെ ഒരാൾ മാമ്മോദീസാ നല്കുന്നു........ ജനമെല്ലാം അങ്ങോട്ട് ഓടുകയാണ് ''. സ്നാപകന്റെ ഉൾക്കണ്ണിൽ ക്രിസ്തുവിന്റെ രൂപം തെളിയുന്നു. അവൻ കൂടുതൽ വിനയാന്വിതനായി ! അവൻ വളരുകയും ഞാൻ കുറയുകയും വേണം കാരണം അവനു വേണ്ടി വഴി ഒരുക്കലാണ് എന്റെ നിയോഗം.

നിന്റെ അഹത്തെ ആരെങ്കിലും തട്ടി നിരത്തുമ്പോൾ ഇതുപോലെ അക്ഷോഭ്യനായി അതിനെ സ്വീകരിക്കാൻ പറ്റുന്ന ആത്മബോധം ഉണ്ടാവുകയാണ് ജലത്താലുള്ള സ്നാനത്തിന്റെ ആദ്യപടി. ഓശാനയിലെ രാജപട്ടവും കുരിശ്ശിൽ കഴുവേറ്റിയതിന്റെ അപമാനവും ക്രിസ്തുഭാവങ്ങളെ വ്യത്യാസപ്പെടുത്തുന്നില്ല. കാരണം അവബോധങ്ങളിലെ ദൈവസമാനത ജോർദ്ദാനിലെ സ്നാനം കൊണ്ട് കഴുകിക്കളയാൻ, ക്രിസ്തു സ്നാപകനെ സമീപിക്കാൻ മടികാട്ടിയില്ല.

## * ജലം കൊണ്ടുള്ള സ്നാനം - ''താഴ്വര നികത്തലാണ് ''

അഗാധത്തിൽ നിന്ന് നിന്നെ ഞാൻ വിളിക്കുന്നു എന്ന സങ്കീർത്തകന്റെ വചനം ദൈവ സാന്നിദ്ധ്യത്തിന്റെ ഉയരത്തിൽ നിന്ന് നിപതിച്ച ആത്മാവിന്റെ വിലാപമാണ്. പിതൃഭവനത്തെ ഉപേക്ഷിച്ചു പോകുന്ന ധൂർത്തപുത്രൻ പന്നിക്കൂട്ടിലെ ചെളിക്കുഴിയിൽ നിന്നും മിഴി ഉയർത്തുന്നത്, മീതെ നിൽക്കുന്ന പിതൃസാന്നിദ്ധ്യത്തെ ഓർത്താണ്. പാപങ്ങളും കുറവുകളും ഒരാളെ എത്തിക്കുന്ന ദൈവസാന്നിദ്ധ്യമില്ലാത്ത ഇടമാണ് താഴ്വര. അന്യദേവന്മാർക്ക് ആരാധന അർപ്പിക്കുന്ന ആൾക്കൂട്ടത്തിന്റെ ഇടമാണത് ( പുറപ്പാട്). നിന്റെ ഉള്ളിലെ ദൈവസാന്നിദ്ധ്യം കെട്ടുപോയ ഇടങ്ങളെ, തലങ്ങളെ പ്രകാശിപ്പിക്കുക. എന്നിട്ടുസാന്നിദ്ധ്യത്തോളം ഹൃദയത്തെ ഉയർത്തുക എന്നതാണ് താഴ്വര നികത്തൽ.

## * വളഞ്ഞവഴികൾ നേരെയാക്കപ്പെടണം -

സ്നാനത്തിന്റെ അടുത്തപടിയിതാണ്. ദൈവം മനുഷ്യനെ സരളഹൃദയനായി സൃഷ്ടിച്ചു. സങ്കീർണ്ണതകൾ അവന്റെ തന്നെ സൃഷ്ടിയാണ് എന്ന് പ്രഭാഷകൻ. സങ്കീർണ്ണ

തകളിൽ സ്വയം ഒളിപ്പിക്കുന്ന വക്രബുദ്ധിയെപ്പറ്റിയാണ് വചനം. സ്വന്തം ഫലരാഹിത്യം മറക്കാൻ തളിരിട്ട ഇലകൾകൊണ്ട് മൂടുപടം ഒരുക്കുന്ന അത്തിവൃക്ഷത്തെ ഈശോ ശപിക്കുന്നത് സൂചനാത്മകമായ പ്രവൃത്തിയാണ്. വാക്കും പ്രവൃത്തിയും ഹൃദയശുദ്ധിയുടെ അടയാളമാകണമെന്ന് ഓർമ്മിപ്പിക്കാൻ തന്നെ വിമർശിക്കുന്ന നഥാനിയേലിനെ ഈ പ്രശംസിക്കുന്നത് ക്രിസ്തുവിന്റെ വഴി നീളുന്നത് മനുഷ്യന്റെ ഹൃദയത്തിലേയ്ക്കാണ് എന്ന് ബോധ്യപ്പെടുത്താനല്ലേ. അതുകൊണ്ട് ക്രിസ്തുവിനു വേണ്ടി ഹൃദയത്തെ നിർമ്മലമാക്കണം. വളഞ്ഞ വഴികളിലൂടെ കടന്നുവരാൻ അവനാവില്ല.

ഈ സിദ്ധാന്തത്തിന്റെ പ്രായോഗിക ജീവിതപാഠങ്ങളാണ് പിന്നെ സ്നാപകൻ പറയുന്നത് ഞങ്ങൾ എന്തു ചെയ്യണമെന്ന് പറയുന്ന ജനത്തോട് ; ( Lk 3:10 -

പങ്കുവയ്ക്കണം - ഉടുപ്പും ഭക്ഷണവുമെന്നാൽ നിന്റെ സഹോദരന്റെ ജീവനാവശ്യമായതൊക്കെ പങ്കുവയ്ക്കണം. കുന്നുകൂടുന്ന ദുരാഗ്രഹത്തിൻ നിന്നു മാറി, സ്വാർത്ഥതയുടെ കുന്ന് ഇടിയട്ടെ.....

ചുങ്കക്കാരും പടയാളികളും - അതിക്രമത്തിന്റേയും വഞ്ചനയുടേയും താഴ്വരയിൽ ദൈവസാന്നിദ്ധ്യമില്ല. ഉയരണം ക്രിസ്തുവിന്റെ സ്നേഹത്തോളം ....

വ്യാജവും കുറ്റാരോപണങ്ങളും നിങ്ങളുടെ ഹൃദയത്തിന്റെ സരളത നഷ്ടപ്പെടുത്തും..... നിർമ്മലതയിലേയ്ക്ക് സ്നാനം ചെയ്ത് പുതുസൃഷ്ടികളാകണം.

അങ്ങനെ ജലം കൊണ്ടുള്ള സ്നാനം നിങ്ങളെ ഒരുക്കുകയാണ് - ക്രിസ്തു നല്കുന്ന പരിശുദ്ധാത്മാവിന്റെ അഗ്നിസ്നാനത്തിനുവേണ്ടി. കതിരും പതിരും വേർതിരിക്കപ്പെടുമ്പോൾ നിങ്ങൾ സ്വർഗ്ഗരാജ്യത്തിന്റെ അറപ്പുരകളിൽ ശേഖരിക്കപ്പെടാൻ യോഗ്യതയുള്ളവരാകണം.

**ഫാ. അലക്സ് വേലച്ചേരിൽ.**